**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **09-12-2022 - ൽ മറുപടിയ്ക്ക്**

**വി.സി. നിയമനങ്ങളിൽ പാലിക്കേണ്ട യു.ജി.സി. മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2016-ലെ രാധാകൃഷ്ണപ്പിള്ള കേസിൽ ഹൈക്കോടതി കേരളത്തിലെ സർവകലാശാലകൾ യു.ജി.സി. മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിധിയിൽ യു.ജി.സി. ചട്ടങ്ങൾ പാലിക്കാൻ യുണിവേഴ്സിറ്റിക്കും സർക്കാരിനും ചാൻസലർക്കും ബാധ്യതയുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) | അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പാൾ നിയമനവുമായി ബന്ധപ്പെട്ട പ്രസ്തുത കേസിൽ യു.ജി.സി. മാനദണ്ഡങ്ങൾ അനുസരിച്ച മാത്രമേ പ്രവർത്തിക്കാവൂ എന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിധി നിലനിൽക്കെ കേരള സാങ്കേതിക സർവകലാശാല വി.സി. നിയമനങ്ങളിലടക്കം യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ? | (സി) | പ്രസ്തുത കേസ് അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പാൾ നിയമനവുമായി ബന്ധപ്പെട്ടതാണ്. |

സെക്ഷൻ ഓഫീസർ